**പതിനാലാം കേരള നിയമസഭ**
**പത്തൊൻപതാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2527 — 12/03/2020 -ലെ മറുപടിക്ക്.

## നിർമ്മാണ തൊഴിലാളി ക്ഷേമനിധിയിലേക്കുള്ള സെസ്സ്

ചോദ്യം
**ശ്രീ. എൻ.എ. നെല്ലിക്കുന്ന് :**

മറുപടി
**ശ്രീ. ടി.പി.രാമകൃഷ്ണൻ**
**(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | നിർമ്മാണ തൊഴിലാളി ക്ഷേമനിധിയിലേക്കുള്ള സെസ്സ് പിരിക്കാൻ തീരുമാനിച്ചത് എപ്പോഴാണെന്ന് അറിയിക്കാമോ; | (എ) | 1996 ലെ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ സെസ്സ് ആക്ട്, 1998 ലെ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് സെസ്സ് റൂൾസ് എന്നിവ പ്രകാരമാണ് സെസ്സ് പിരിക്കാൻ തീരുമാനമെടുത്തത്. |
| (ബി) | സെസ്സിന്റെ മാനദണ്ഡമെന്താണെന്ന് വ്യക്തമാക്കാമോ; | (ബി) | നിലവിലെ മാനദണ്ഡ പ്രകാരം നിർമ്മാണ പ്രവർത്തനങ്ങളുടെ പ്ലിന്ത് ഏരിയ അടിസ്ഥാനമാക്കിയാണ് നിർമ്മാണച്ചെലവ് കണക്കാക്കുന്നത്. 10 ലക്ഷം രൂപയിൽ കൂടുതൽ തുക ചെലവഴിച്ച് സ്വകാര്യ വ്യക്തികൾ നടത്തുന്ന വാസഗൃഹ നിർമ്മാണ പ്രവൃത്തികളിൽ നിന്നും സ്വകാര്യ വ്യക്തികൾ നടത്തുന്ന വ്യവസായ വാണിജ്യാവശ്യങ്ങൾക്കായുള്ള നിർമ്മാണ പ്രവൃത്തികളിൽ നിന്നും സർക്കാർ/അർദ്ധസർക്കാർ പൊതു മേഖലാ സ്ഥാപനങ്ങൾ നടത്തുന്ന നിർമ്മാണ പ്രവൃത്തികളിൽ നിന്നും ആകെയുള്ള നിർമ്മാണ ചെലവിന്റെ 1% |

| | | | |
|---|---|---|---|
| | | | വരുന്ന തുകയാണ് സെസ്സ് ആയി ഈടാക്കി വരുന്നത്. |
| (സി) | സെസ്സ് ഏർപ്പെടുത്തി നാളിതുവരെ എത്ര രൂപ പിരിഞ്ഞുകിട്ടിയെന്നും അതിൽ നിന്ന് തൊഴിലാളികൾക്ക് എത്ര രൂപ ഇതുവരെ വിതരണം ചെയ്തുവെന്നും വ്യക്തമാക്കാമോ? | (സി) | സെസ്സ് ഏർപ്പെടുത്തി [1998-99 മുതൽ 2019-20 (up to ജനുവരി)] നാളിതുവരെ **2160,59,50,189/-** രൂപ (രണ്ട ായിരത്തി ഒരുനൂറ്റി അറുപത് കോടി അൻപത്തി യൊൻപത് ലക്ഷത്തി അൻപതി നായിരത്തി ഒരുന്നൂറ്റി എൺപത്തിയൊൻപത് രൂപ മാത്രം) പിരിഞ്ഞു കിട്ടിയി ട്ടുണ്ട്. ഈ തുക പൂർണ്ണമായും തൊഴിലാളികൾക്ക് വിതരണം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ